**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **17-03-2022 - ൽ മറുപടിയ്ക്ക്**

**വ്യാജസന്ദേശം അയയ്ക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബില്ല് അടച്ചിട്ടില്ലാത്തതിനാൽ രാത്രി കാലങ്ങളിൽ വൈദ്യുതി വിച്ഛേദിക്കുമെന്ന തരത്തിൽ വ്യാജ സന്ദേശങ്ങൾ ലഭിക്കുന്നതായുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സന്ദേശം അയക്കുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സന്ദേശം അയയ്ക്കുന്നവരെ കണ്ടെത്തുന്നതിനായി കേരളാ പോലീസിന്റെ സൈബർ സെൽ മേധാവിയെ 28.12.2021നും, വീണ്ടും പരാതി ശ്രദ്ധയിൽപ്പെട്ടതിനാൽ സംസ്ഥാന പോലീസ് മേധാവിയെയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറെയും 28.02.2022നും രേഖാമൂലം അറിയിക്കുകയും, സത്വര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി കെ.എസ്.ഇ.ബി ലിമിറ്റഡ് ആസ്ഥാനത്ത് കേരളാ പോലീസിന്റെ സൈബർ സെൽ വിഭാഗം തെളിവെടുപ്പ് നടത്തുകയുണ്ടായി. |
| (ബി) | ഇത്തരം വ്യാജ സന്ദേശങ്ങളിൽപ്പെട്ട് വഞ്ചിതരാകാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | ഉപഭോക്താക്കളിൽ നിന്നും ബോർഡ് ജീവനക്കാർ എന്ന വ്യാജേന ചിലർ വൈദ്യുതി ബിൽ തുക കൈപ്പറ്റുന്നതായും അവ ഓഫീസിൽ അടയ്ക്കാതെ ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായും ദുരുദ്ദേശപരമായ വ്യാജ എസ്.എം.എസ് സന്ദേശങ്ങൾ വരുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഉപഭോക്താക്കൾ ബിൽ തുക അടയ്ക്കുന്നതിന് ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ മാത്രം ഉപയോഗിക്കുവാൻ മാധ്യമങ്ങൾ വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നല്കിയ അറിയിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് പത്രദൃശ്യ മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ മുന്നറിയിപ്പ് സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് സന്ദേശം എസ്.എം.എസ് ആയി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഔദ്യോഗിക സാമൂഹ്യ മാധ്യമങ്ങളായ ഫേസ് ബുക്ക്, ടിറ്റർ എന്നിവയിലൂടെയും വിവിധ ഓഫീസ് |

| | | | |
|---|---|---|---|
| | | | തലങ്ങളിലുള്ള വാട്സാപ്പ് ഗ്രൂപ്പുകളിലൂടെയും ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മാന്യ ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക്

കെ.എസ്.ഇ.ബി.എൽ ഉപഭോക്താക്കളിൽ നിന്നും ബോർഡ് ജീവനക്കാർ എന്ന വ്യാജേന ചിലർ വൈദ്യുതി ബിൽതുക കൈപറ്റുന്നതായും, കൂടാതെ ചുരുക്കം ചില ബോർഡുജീവനക്കാർ ഉപഭോക്താക്കളിൽ നിന്നും നേരിട്ട് ബിൽതുക സ്വീകരിച്ചതിനുശേഷം ആയത് സെക്ഷനോഫീസിൽ അടയ്ക്കാതെ അനധികൃതമായി കൈവശം വച്ച് ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായും, ഉപഭോക്താക്കളുടെ മൊബൈൽ ഫോണുകളിലേക്ക് വൈദ്യുതി ബിൽ തുക അടവിനെ സംബന്ധിച്ച് ദുരുദ്ദേശപരമായ വ്യാജ എസ്.എം.എസ് സന്ദേശങ്ങൾ വരുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നത് ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഉപഭോക്താക്കൾ ബിൽതുക അടയ്ക്കുന്നതിന് ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ [Counter/RTGS/Online] മാത്രം ഉപയോഗിക്കുവാനും മറ്റുള്ളവരുടെ കൈവശം ബിൽതുക അടയ്ക്കുവാൻ ഏൽപ്പിക്കുന്ന രീതി കഴിവതും ഒഴിവാക്കണമെന്നും അറിയിക്കുന്നു.

(signature)

**സെക്ഷൻ ഓഫീസർ**